II ഇ.ബി. XII കേരള നിയമസഭ/IX-4

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നല്കിയ ഉത്തരങ്ങൾ-സംഗ്രഹം

2008 നവംബർ 27 വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

11 (*91) ന്യൂനപക്ഷ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേക വകുപ്പ്.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, ന്യൂനപക്ഷക്ഷേമം സംബന്ധിച്ചുള്ള പദ്ധതികൾ വിവിധ വകുപ്പുകളിലൂടെയാണ് നടപ്പിലാക്കി വരുന്നതെന്ന് സഭയെ അറിയിച്ചു. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിച്ചതിന്റെ ഭാഗമായി ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണവകുപ്പിന്റെ കീഴിൽ ഒരു ന്യൂനപക്ഷ ക്ഷേമ സെൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത സെൽ ഘട്ടംഘട്ടമായി വിപുലീകരിച്ച് സെക്രട്ടേറിയറ്റിൽ ഒരു ന്യൂനപക്ഷക്ഷേമവകുപ്പ് രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ജില്ലാതലത്തിൽ ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ കളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടറുടെ (ജനറൽ) കീഴിൽ ഓരോ ക്ളാർക്ക് തസ്തിക വീതം

സൃഷ്ടിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. സാമൂഹ്യക്ഷേമം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, തൊഴിൽ, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, റവന്യൂ, ആഭ്യന്തരം, മൽസ്യബന്ധനം തുടങ്ങിയ വകുപ്പുകൾ മുഖാന്തിരമാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ന്യൂനപക്ഷക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ പുതിയ പതിനഞ്ചിന പരിപാടികളുടെ നടത്തിപ്പിനായി ചീഫ്സെക്രട്ടറി ചെയർമാനായ സംസ്ഥാനതല കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ ആദ്യഘട്ട ചർച്ചകൾ നടത്തുകയും കേരളത്തിൽ ന്യൂനപക്ഷങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ എത്തിക്കുകയും ചെയ്തിട്ടുണ്ട്. മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പും സ്റ്റൈപന്റും അനുവദിക്കുന്നതിനും ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 5 പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയായ വയനാടിന്റെ വികസനപ്രവർത്തനങ്ങൾക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദഖ്നി, കച്ചി, മെമൻ വിഭാഗങ്ങളെ സംവരണവിഭാഗത്തിൽ ചേർക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ പിന്നോക്ക വിഭാഗ കമ്മീഷനേയും മദ്രസകളിലെ അദ്ധ്യാപകരുടെ വിവരം ശേഖരിക്കാൻ പഞ്ചായത്ത് ഡയറക്ടറേയും ചുതലപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സ്കോളർഷിപ്പുകൾ, പിന്നോക്ക

ന്യൂനപക്ഷപ്രദേശങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടക്കമുളള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കൽ, ഐ.സി.ഡി.എസ്. ഐ.എ.വൈ, എസ്.ജി.എസ്..വൈ, എസ്.ജി.എസ്.ആർ.വൈ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അർഹമായ വിഹിതം ഉറപ്പാക്കൽ, ദേശീയ വികസന കോർപ്പറേഷനിൽ നിന്ന് വായ്പ ലഭ്യമാക്കൽ, വർഗ്ഗീയ വിദ്വേഷങ്ങളും അക്രമങ്ങളും തടയൽ എന്നിവയാണ് പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെടുന്നത്. സ്കോളർഷിപ്പുകൾ ഒഴികെ വ്യത്യസ്ത സ്കീമുകൾക്കുളള കേന്ദ്രസഹായത്തിന്റെ പതിനഞ്ച് ശതമാനം ന്യൂനപക്ഷങ്ങൾക്ക് വേണ്ടി ചെലവഴിക്കുകയാണ്. ന്യൂനപക്ഷ പ്രദേശങ്ങൾക്കായി 2476 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്. ദേശീയ ന്യൂനപക്ഷ കോർപ്പറേഷനിൽ നിന്ന് മൽസ്യഫെഡ് വഴി 1415 ലക്ഷം രൂപയും വനിതാ വികസന കോർപ്പറേഷൻ വഴി 524 ലക്ഷം രൂപയും പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ വഴി 4850 ലക്ഷം രൂപയും 2007-08-ൽ വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ/പോസ്റ്റ് ഗ്രാഡ്വേറ്റ് സ്കോളർഷിപ് പദ്ധതി പ്രകാരം 2007-08-ൽ 1785 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും ഐ.ടി. സെല്ലിനുമായി 3,96,85,717 രൂപ കേന്ദ്രത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്. 2008-09-ൽ തുടങ്ങിയ പ്രീ-മെട്രിക് സ്കോളർഷിപ്പിന് ലഭിച്ച 9,40,138 അപേക്ഷകളിൽ 29,380 എണ്ണം ആണ് കേന്ദ്രം അനുവദിച്ചിട്ടുളളത്. ഇത് 2,17,412 ആയി ഉയർത്തുന്നതിനുളള ശ്രമത്തിലാണ്. പെൺകുട്ടികളുടെ സ്കോളർഷിപ്പിനായി

കേന്ദ്ര ഗവണ്മെന്റ് അനുവദിക്കുന്ന സംഖ്യ തികയാതെ വന്നാൽ അതിനനുസരിച്ച് സംസ്ഥാനഗവണ്മെന്റ് ആവശ്യമായ സഹായം ചെയ്യുന്നതാണ്. ഇതിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പിന്നോക്കവിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുകയില്ല. ന്യൂനപക്ഷപ്രദേശങ്ങളിൽ പത്ത് ഐ.ടി.ഐ.-കൾ തുടങ്ങുന്നതിന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പ്രധാനമന്ത്രിയുടെ പ്രഖ്യാപനം വന്നയുടൻ തന്നെ സംസ്ഥാനത്ത് ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കാനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്. കൂടുതൽ ന്യൂനപക്ഷ പ്രദേശങ്ങൾ ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മുസ്ലീംഭൂരിപക്ഷ പ്രദേശങ്ങളുടെ വികസനം കൂടി ലക്ഷ്യം വച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മുസ്ലീം പിന്നോക്കാവസ്ഥ പരിഹരിക്കാൻ സച്ചാർ കമ്മിറ്റി നിർദ്ദേശങ്ങളിൽ മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക, മുസ്ലീം പിന്നോക്ക പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികളെക്കുറിച്ച് പഠിക്കാൻ കമ്മിറ്റി രൂപീകരിക്കുക, മുസ്ലീംപെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സ്ക്കോളർഷിപ്പും ഹോസ്റ്റൽ സ്റ്റൈപന്റും കൊടുക്കുന്നതിനുള്ള നടപടികൾ എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സ്റ്റേറ്റ് മൈനോറിറ്റി കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. മതന്യൂനപക്ഷവിഭാഗങ്ങളുടെ സ്കോളർഷിപ്പിനായുള്ള അപേക്ഷ

കൊടുക്കുന്നതുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ പരിഹരിച്ച് കൃത്യ സമയത്ത് കൊടുക്കാൻ കഴിയുന്ന വിധത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

12 (*92) ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, ഇ.എസ്.ഐ. കോർപ്പറേഷന്റെ നിർദ്ദേശപ്രകാരം പരിഷ്ക്കരിച്ച ആശുപത്രി വികസന സമിതികൾ എല്ലാ ആശുപത്രികളിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആശുപത്രിയുടെ വികസനത്തിനും പുരോഗതിക്കുമായി പരമാവധി 40 ലക്ഷം രൂപ വരെ ചെലവാക്കുവാൻ ഈ സമിതികൾക്ക് അധികാരമുണ്ട്. അതിവിദഗ്ദ്ധ ചികിത്സാ സംവിധാനങ്ങൾ തികച്ചും സൗജന്യമായി ലഭ്യമാക്കുന്നതിനായി സ്വകാര്യ ആശുപത്രികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എംപാനൽമെന്റ് നടപടികൾ നടപ്പിലാകുന്നതോടെ കേരളത്തിലെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സ്വകാര്യ ആശുപത്രികളിലും മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതാണ്. ക്യാഷ്ലെസ്സ് ചികിൽസ നടത്തി ഇ.എസ്.ഐ. അംഗങ്ങളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും crash programme പ്രകാരം പ്രഖ്യാപിക്കപ്പെട്ട കെട്ടിട പുനരുദ്ധാരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. എല്ലായിടത്തും അത്യാഹിത വിഭാഗം നവീകരിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി. വഴിയും കോൺട്രാക്ട് അടിസ്ഥാനത്തിലും നികത്തിവരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ അഡ്വാൻസിന് ഗുണഭോക്താക്കളുടെ ആശ്രിതരുടെ റീ-ഇംബേഴ്സ്മെന്റിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അധികാരം ഇ.എസ്.ഐ. ഡയറക്ടർക്കും ജോയിന്റ്

ഡയറക്ടർക്കും നൽകിയിട്ടുണ്ട്. സാംക്രമിക രോഗങ്ങൾ, തൊഴിൽജന്യ രോഗങ്ങൾ, ജീവിത ശൈലീ രോഗങ്ങൾ എന്നിവയുടെ പ്രതിരോധ പ്രവർത്ത നങ്ങൾക്കായി ഓരോ ഗുണഭോക്താവിനും 20 രൂപ നിരക്കിൽ തുക കൂടുതലായി അനുവദിച്ച് ചെലവുകൾ പൂർണ്ണമായും ഇ.എസ്.ഐ. കോർപ്പ റേഷൻ തന്നെ വഹിക്കാമെന്ന് ഏറ്റിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് "cashless" ചികിത്സാ സൗകര്യം ഒരുക്കുന്നതിന് പ്രാദേശികമായി കെമിസ്റ്റുകളെ എംപാനൽ ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. 2007–08–ൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി 4,37,74,986/-രൂപയും അതിവിദഗ്ദ്ധ ചികിത്സയ്ക്കുള്ള അഡ്വാൻസായി 8,15,98,913/- രൂപയും അനുവദിക്കുകയുണ്ടായി പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിൽ, ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. അതിനായി ആരോഗ്യ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും, കേരള സർവ്വകലാ ശാലയിൽ നിന്നുള്ള സമ്മതപത്രവും ലഭ്യമായിട്ടുണ്ട്. മെഡിക്കൽകോളേജ് ആരംഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ആരോഗ്യ വകുപ്പിന്റെ ശുപാർശയോ ടുകൂടി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന് സമർപ്പിച്ചിരിക്കുകയാണ്. പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിലെ കിടക്കകളുടെ എണ്ണം 300 ആയി ഉയർത്താൻ അനുവാദം നൽകിയിട്ടുണ്ട്. ആവശ്യമായ ജീവനക്കാരും കൂടുതൽ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ഇ.എസ്.ഐ. കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് കെട്ടിടനിർമ്മാണത്തി നായി ആശുപത്രി സ്ഥിതി ചെയ്യുന്ന 30 ഏക്കർ സ്ഥലം സർവ്വേ ചെയ്യുകയും കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജ്

ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടക്കുന്നുണ്ടെന്ന് കേന്ദ്ര തൊഴിൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. പാരിപ്പള്ളി മെഡിക്കൽ കോളേജി നായുള്ള ഫാക്കൽട്ടിക്ക് വേണ്ട  നോട്ടിഫിക്കേഷൻ ഈ വർഷം ജൂലായ് 20-ാം തീയതി ദേശീയ മാധ്യമങ്ങളിൽ കൊടുക്കുകയും കിട്ടിയ അപേക്ഷകൾ സ്ക്രൂട്ടിണൈസ് ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഇ.എസ്.ഐ. മെമ്പർഷിപ്പുള്ള ഐ.പി.-യിൽപ്പെട്ട കുടുംബങ്ങൾക്ക് 25 ശതമാനം റിസർവ്വേഷൻ നൽകാമെന്ന് കോർപ്പറേഷൻ സമ്മതിച്ചിട്ടുണ്ട്. എഴുകോൺ ദന്തൽ കോളേജ് ആരംഭിക്കുന്നതിന് കേരളാ യൂണിവേഴ്സിറ്റി കൺസെന്റ് ഓഫ് അഫിലിയേഷനും ആരോഗ്യവകുപ്പ്  ഫീസിബിലിറ്റി സർട്ടിഫിക്കറ്റും കൊടുത്തിട്ടുണ്ട്. ഫാക്കൽട്ടിയെ ക്ഷണിക്കാൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകഴിഞ്ഞു. നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. ഇ.എസ്.ഐ ആശുപത്രികളോടനുബന്ധിച്ച് നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തി എല്ലാ ഇ.എ സ്.ഐ. ആശുപത്രികളിലും നഴ്സിംഗ് കോളേജ് ആരംഭിക്കാൻ ഇ.എസ്.ഐ. കോർപ്പറേഷനോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ. ഡിസ്പെൻസറികൾ ഇല്ലാത്ത  സ്ഥലങ്ങളിൽ ഇൻഷ്വറൻസ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് സിസ്റ്റം നടപ്പാക്കാൻ കേന്ദ്രഗവണ്മെന്റ് സമ്മതിച്ചിട്ടുണ്ട്. കേന്ദ്രാനുവാദത്തോടെ എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ ഇ.എസ്.ഐ. കോർപ്പറേഷനെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എറണാകുളം, ആലപ്പുഴ, ഒളരിക്കര, പാരിപ്പള്ളി, വടവാതൂർ തുടങ്ങിയ 5 ഇ.എസ്.ഐ ആശുപത്രികളിൽ ആംബുലൻസുകൾ വാങ്ങുകയും മറ്റുള്ളവയ്ക്ക്  അനുമതി കൊടുക്കുകയും ചെയ്തിട്ടുണ്ട്. 6 കോടി രൂപ

ഉപയോഗിച്ച് തോട്ടട ഉൾപ്പെടെയുള്ള 13 ഇ.എസ്.ഐ. ആശുപത്രി ക്കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്. മുളങ്കുന്നത്തുകാവിലും എഴുകോണിലുമായി രണ്ട് ആയുർവ്വേദ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആയുർവ്വേദ-ഹോമിയോ ഡോക്ടർ മാരെ ഇ.എസ്.ഐ. ആശുപത്രികളിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കും. തൃശൂർ ഇ.എസ്.ഐ. ആശുപത്രിയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങും. ആശുപത്രി ഉപദേശക സമിതിക്ക് 40 ലക്ഷം രൂപ വരെ ചെലവഴിക്കാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ നോംസിന് വിധേയമായി പ്രവർത്തിക്കാൻ സന്നദ്ധതയുള്ള 50 സ്വകാര്യ ആശുപത്രികൾ നൽകിയ അപേക്ഷകൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇ.എസ്.ഐ. ആശുപത്രികളി ലുണ്ടാകുന്ന മരുന്ന് ക്ഷാമവും റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച പ്രശ്നങ്ങളും കൊല്ലത്തെ റഫറൽ ആശുപത്രിയിലെ പോരായ്മകളും പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. 2005-06-ൽ 3,95,618 അംഗങ്ങളുണ്ടായിരുന്നത് ഇപ്പോൾ 5,58,920 ആയി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റുമാനൂർ ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. ഏലൂർ ആശുപത്രിയിൽ പുതിയ ഉപകരണങ്ങൾ വാങ്ങാൻ സത്വര നടപടി സ്വീകരിക്കുന്നതാണ്.

13 (*93) <u>നഗരങ്ങൾക്കുള്ള കേന്ദ്ര സഹായം</u>.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാന നഗരങ്ങൾക്കുള്ള കേന്ദ്രസഹായം തടഞ്ഞിട്ടില്ലെന്നും ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ ഘടകങ്ങളായ

യു.ഐ.ജി.-യിലും ബി.എസ്.യു.പി.-യിലും നഗരവികസന പ്ലാൻ പ്രകാരം സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യപ്പെടുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുമെന്നാണ് അറിയിച്ചിരുന്നതെന്നും സഭയെ അറിയിച്ചു. ഇപ്പോൾ ഒരു നിശ്ചിത തുക ഈ ഘടകപദ്ധതികൾക്കുവേണ്ടി നിജപ്പെടുത്തിയിരിക്കുകയാണ്. യു.ഐ.ജി.-ക്ക് വേണ്ടി സംസ്ഥാന ഗവണ്മെന്റ് സമർപ്പിച്ച 1003.23 കോടി രൂപയുടെ പദ്ധതികളിൽ 706.32 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 218.48 കോടി രൂപയുടെ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതികൾക്കും ഐ.എച്ച്.എസ്.ഡി.പി.-ക്ക് 146.09 കോടി രൂപയുടെ പദ്ധതികൾക്കും ബി.എസ്.യു.പി.-ക്ക് 303.85 കോടി രൂപയുടെ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊച്ചി നഗരത്തിന് അനുവദിച്ച പദ്ധതികൾക്ക് കേന്ദ്ര വിഹിതം 50 ശതമാനം മാത്രമാണ്. കേരള സുസ്ഥിര നഗരവികസന പദ്ധതിയേയും കുടുംബശ്രീയേയും ചീഫ് ടൗൺ പ്ലാനറേയും വിവിധ പദ്ധതികളുടെ നോഡൽ ഏജൻസികളായി ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടുകൂടി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും പദ്ധതി നിർവ്വഹണം നടത്തി വരികയുമാണ്. ചിട്ടയായ പദ്ധതി നിർവ്വഹണത്തിന് സംസ്ഥാന തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളും നഗരസഭകളിൽ പ്രോജക്ട് നിർവ്വഹണ യൂണിറ്റുകളും സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ കേന്ദ്രസഹായത്തിനുള്ള ആവശ്യം എം.പി.-മാർ പാർലമെന്റിൽ ഉന്നയിച്ചിട്ടുണ്ട്. 2012 മാർച്ച് 31 വരെയാണ് പദ്ധതികളുടെ കാലാവധി.

2012-ഓടുകൂടി പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കി കേന്ദ്ര വിഹിതം ഫലപ്രദമായി ഉപയോഗിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കൊച്ചി നഗരത്തിലെ ശുദ്ധജലവിതരണത്തിനും മാലിന്യ സംസ്കരണ പദ്ധതിക്കും ഉപരിതല ജല നിർഗ്ഗമനത്തിനുമായി 377.48 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അവലോകനയോഗം കൂടി സുസ്ഥിര നഗരവികസനപദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കി ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ സത്വര നടപടി സ്വീകരിക്കുന്നതാണ്. തൃശൂർ നഗരസഭയിലെ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാനാവശ്യമായ സഹായം കേന്ദ്രത്തോട് ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്.

14(*94) <u>മൽസ്യസുരക്ഷാ ഇൻഷ്വറൻസ് പദ്ധതി.</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മൽസ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്കും എഞ്ചിനുകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മൽസ്യബോർഡ് മുഖേന ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതാണ് മൽസ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയെന്ന് പറഞ്ഞു. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും സംയുക്തമായാണ് പരിരക്ഷ നടപ്പിലാക്കുന്നത്. മൽസ്യബോർഡ് തയ്യാറാക്കുന്ന മൽസ്യത്തൊഴിലാളി പട്ടികയിൽ പേരും ഫിഷറീസ് വകുപ്പിൽ വള്ളം, എൻജിൻ എന്നിവയും രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുത്തിട്ടുള്ള മൽസ്യത്തൊഴിലാളികൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നത്. ഇതിനുള്ള അപേക്ഷയും പ്രീമിയവും

ഇപ്പോൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ ചേരുന്നതിന്റെ ആവശ്യകതയും പ്രാധാന്യവും മൽസ്യത്തൊഴിലാളികളെ ബോദ്ധ്യപ്പെടുത്തുന്നതിനായി വിപുലമായ പ്രചാരണം പത്രങ്ങളിലൂടെയും ദൃശ്യമാദ്ധ്യമങ്ങളിലൂടെയും പൊതുപ്രവർത്തകരിലൂടെയും നൽകുന്നുണ്ട്. 20700 യാനങ്ങൾക്കും 17236 എഞ്ചിനുകൾക്കുമാണ് ഇൻഷ്വറൻസ് പരിരക്ഷ വിഭാവനം ചെയ്യുന്നത്. ഇതിനായി 5.11 കോടി രൂപയാണ് പ്രീമിയമായി കണക്കാക്കിയിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ 8800 യാനങ്ങൾക്കും 6350 എഞ്ചിനുകൾക്കുമായി രണ്ട് കോടി രൂപ പ്രീമിയമായി വേണ്ടിവരും. ഇതിനായി ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വള്ളത്തിന്റെയും എഞ്ചിന്റേയും നിശ്ചിത തുകയുടെ 1.8% പ്രീമിയം തുകയിൽ 25 ശതമാനം മൽസ്യത്തൊഴിലാളികളും 75 ശതമാനം സർക്കാരും വഹിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 248 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്. )